# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.08.2026**

### പ്രധാനവാർത്തകൾ

1. ഭാരതത്തെ ശക്തിപ്പെടുത്തുന്നതിൽ യുവജനങ്ങൾ മുഖ്യപങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

2. കർഷക ക്ഷേമത്തിനായി കേന്ദ്ര സർക്കാർ സുപ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

3. സംസ്ഥാനത്ത് ഓണക്കാലത്തെ വിലക്കയറ്റം തടയാൻ 25,000 മെട്രിക് ടൺ അരി കൂടി വിപണിയിൽ എത്തിക്കുമെന്ന് ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്.

4. ചിങ്ങമാസ പൂജകൾക്കായി ശബരിമലക്ഷേത്രനട തുറന്നു. സന്നിധാനത്ത് വൻഭക്തജനത്തിരക്ക്.

5. തൃപ്പൂണിത്തുറ അത്തച്ചമയാഘോഷത്തിന് തുടക്കമായതോടെ കേരളം ഓണലഹരിയിലേക്ക്. നാളെ ചിങ്ങം ഒന്ന്.

6. വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യ- ചൈന മൽസരം സമനിലയിൽ.

RNU TVPM

&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി- - തമിഴ്നാട്

ഭാരതത്തിൻറെ യഥാർത്ഥ ശക്തി ജനങ്ങളാണെന്നും യുവാക്കൾ ഇതിൽ മുഖ്യ പങ്ക് വഹിക്കുന്നതായും ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. ചെന്നൈയ്ക്കടുത്ത് ചെങ്കൽപേട്ടിലെ എസ് ആർ എം ഇൻസ്റ്റിട്യൂട്ടിൻറെ 22-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി. രണ്ട് ദിവസത്തെ സന്ദർശനത്തിനായാണ് ഉപരാഷ്ട്രപതി ഇന്ന് രാവിലെ തമിഴ്നാട്ടിലെത്തിയത്. നാളെയും സംസ്ഥാനത്തെ വിവിധ പരിപാടികളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&

## അമിത് ഷാ-രാജ സ്ഥാൻ

2047-ഓടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റുന്നതിന് യുവാക്കൾ, സ്ത്രീകൾ, കർഷകർ എന്നിവരുടെ ശാക്തീകരണം അത്യന്താപേക്ഷിതമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. രാജസ്ഥാനിലെ അൽവറിൽ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കർഷകരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ സുപ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നതായും ശ്രീ അമിത് ഷാ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&

## പിഐബി ഫാക്ക് ചെക്ക്

RNUTVPM

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ പേരിൽ സമൂഹ മാധ്യമങ്ങളിൽ AI നിർമിത വീഡിയോ പ്രചരിക്കുന്നതായി കേന്ദ്ര സർക്കാർ. റഫാൽ വിമാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണ കമ്മീഷൻ രൂപീകരിക്കുമെന്ന് രാഷ്ട്രപതി പ്രസ്താവന നടത്തുന്ന വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&&

ഭക്ഷ്യമന്ത്രി - അരി വില

സംസ്ഥാനത്ത്, വില ഉയരുന്ന സാഹചര്യമുണ്ടായാൽ 25,000 മെട്രിക് ടൺ അരി കൂടി വിപണിയിൽ എത്തിക്കുമെന്ന് ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്. ഇക്കാര്യം ആവശ്യപ്പെട്ട് ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയ്ക്ക് സർക്കാർ കത്തയച്ചു. ഓണക്കാലത്തെ വില നിയന്ത്രണം ലക്ഷ്യമിട്ട് ആവശ്യത്തിന് അരിയും ഗോതമ്പും എത്തിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഓണക്കാലത്ത് റേഷൻ അരിയുടെ വില 10 രൂപ 90 പൈസയിൽ നിന്ന് 26 രൂപയാക്കിയെന്ന പ്രചാരണം തെറ്റാണെന്നും ഭക്ഷ്യമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&

ആരോഗ്യ മന്ത്രി-ഭക്ഷ്യസുരക്ഷ

ഓണക്കാലത്ത് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള പരിശോധനകൾ ഊർജ്ജിതമാക്കിയതായി ആരോഗ്യ മന്ത്രി കെ.മുരളീധരൻ. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ഓണസദ്യയും ഭക്ഷണപ്പൊതികളും വിതരണം ചെയ്യുന്ന സംരംഭങ്ങളിലും പരിശോധന നടത്തും.

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

**മറയൂർ ശർക്കര (ഇൻട്രോ)**

ഭൗമസൂചിക പദവിയിലൂടെ ശ്രദ്ധേയമായ മറയൂർ ശർക്കരയുടെ തനിമ ചോരാതെ ഉൽപ്പാദിപ്പിക്കുന്നതിനായി കേരളത്തിലെ ഏറ്റവും വലിയ ആധുനിക ശർക്കര ഫാക്ടറി യാഥാർത്ഥ്യമായി. മറയൂർ സർവീസ് സഹകരണ ബാങ്കിൻ്റെ ആഭിമുഖ്യത്തിൽ നബാർഡിൻ്റെ ധനസഹായത്തോടെയാണ് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്..

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........**

**(വോയിസ്)**

&&&&&&&&&&&&&&&&&

**ടൂറിസ്റ്റ് ബസ് - നികുതി**

കേരളത്തിൽ നികുതി അടയ്ക്കാതെ സർവീസ് നടത്തുന്ന അന്തർസംസ്ഥാന ടൂറിസ്റ്റ് ബസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പിന്റെ നടപടി. എറണാകുളം ജില്ലയിൽ കളമശ്ശേരി, അങ്കമാലി, പെരുമ്പാവൂർ കേന്ദ്രീകരിച്ച് നടത്തിയ മിന്നൽ പരിശോധനയിൽ 72 വാഹനങ്ങൾക്കെതിരെ കേസെടുത്തു. ഒരു കോടിയിലേറെ രൂപ നികുതി ഇനത്തിൽ ഈടാക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു.

&&&&&&&&&&&&&&&&&

**കേരള ക്രിക്കറ്റ് ലീഗ് (ഇൻട്രോ)**

RNU TVPM

കേരള ക്രിക്കറ്റ് ലീഗിൻറെ മൂന്നാം സീസണിനായി ഒരുങ്ങി തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം. ഈ മാസം 20 മുതൽ സെപ്റ്റംബർ 5 വരെയാണ് ടൂർണമെന്റ് നടക്കുക.

ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി

രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്....
( വോയിസ്...)

&&&&&&&&&&&&&&&&&

<u>ഹോക്കി ലോക കപ്പ്</u>

നെതർലാൻഡ്സിൽ നടക്കുന്ന വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യ - ചൈന മത്സരം സമനിലയിൽ. ഇരു ടീമുകളും രണ്ടു ഗോളുകൾ വീതം നേടി. നാളെ നടക്കുന്ന മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇംഗ്ലണ്ടിനെ നേരിടും.

RNU TVPM

&&&&&&&&&&&&&&&&&

<u>ശബരിമല</u>

ചിങ്ങമാസ പൂജകൾക്കായി ശബരിമലക്ഷേത്രനട തുറന്നു. തന്ത്രി കണ്ഠര് ബ്രഹ്മദത്തൻറെ സാന്നിധ്യത്തിൽ മേൽശാന്തി പ്രസാദ് ഇ.ഡി നടതുറന്ന് ദീപം തെളിച്ചു. ശേഷം ആഴിയിൽ അഗ്നി പകർന്നതോടെ തീർഥാടകർക്ക് 18-ാംപടി കയറാൻ അനുമതി ലഭിച്ചു. വലിയ തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്.

&&&&&&&&&&&&&&&&&

<u>അത്തച്ചമയം - മുഖ്യമന്ത്രി</u>

തൃപ്പൂണിത്തുറ അത്തച്ചമയാഘോഷത്തിന് തുടക്കമായതോടെ കേരളം ഓണലഹരിയിലേക്ക്. നാളെ ചിങ്ങം ഒന്ന്

(ഹോൾഡ് ഫോർ മ്യൂസിക്)

തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് നടന്ന അത്തച്ചമയാഘോഷ പരിപാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി സതീശൻ നിർവഹിച്ചു. മന്ത്രി അനൂപ് ജേക്കബ് പതാക ഉയർത്തി. നടൻ ജഗദീഷ് വിശിഷ്ടാതിഥി ആയിരുന്നു.

**&&&&&&&&&&&&&&&&&**

RNUTVPM

<u>മുഖ്യമന്ത്രി - കർഷകദിനം</u>

സംസ്ഥാന കർഷക ദിനാഘോഷം മുഖ്യമന്ത്രി വി ഡി സതീശൻ നാളെ എറണാകുളം കളമശ്ശേരിയിൽ ഉദ്ഘാടനം ചെയ്യും. കൃഷി മന്ത്രി ടി സിദ്ദിഖ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന കർഷക അവാർഡുകൾ വിതരണം ചെയ്യും.

**&&&&&&&&&&&&&&&&&**

<u>ആകാശവാണി സംഗീതക്കച്ചേരി</u>

ഓണാഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന സംഗീതക്കച്ചേരി നാളെ നടക്കും. വിമൻസ് കോളേജ് സംഗീത വിഭാഗത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പരിപാടി രാവിലെ 10 മണിക്ക് സംഗീതജ്ഞ ലളിത ഗോപാലൻ നായർ ഉദ്ഘാടനം ചെയ്യും. ആകാശവാണി തിരുവനന്തപുരം നിലയം മേധാവി എ ജി ബൈജു, പ്രോഗ്രാം മേധാവി പി എ ബിജു, വിമൻസ്

കോളേജ് പ്രിൻസിപ്പൽ ചിത്ര ത്രിവിക്രമൻ നായർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&

<u>കൺസ്യുമഫെഡ് ഓണവിപണി</u>

കൺസ്യൂമർഫെഡ് നടത്തുന്ന ജില്ലാതല ഓണച്ചന്ത കണ്ണൂർ ചൊവ്വയിൽ മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. കാസർഗോഡ് ജില്ലാതല ഉദ്ഘാടനം മന്ത്രി കെ.എം ഷാജി നിർവഹിച്ചു. 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് സർക്കാർ സബ്സിഡിയോടെ കൺസ്യൂമർ ഫെഡ്ഡിൻറെ ഓണച്ചന്തയിലൂടെ നൽകുന്നത്. പൊതുവിപണിയെക്കാൾ 30 മുതൽ 50 ശതമാനം വരെ വിലക്കുറവുണ്ട്.സപ്ലൈകോ ഓണം ഫെയറിൻറെ കൊല്ലം ജില്ലാ തല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണയും നിർവ്വഹിച്ചു.

&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&

RNUTVPM